## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

12.06.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2396

### സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.ടി. തോമസ്<br>ശ്രീ. വി.ടി. ബൽറാം<br>ശ്രീ. കെ . എസ്. ശബരീനാഥൻ<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിനും അതുവഴി തൊഴിലവസരവും വരുമാനവും വർദ്ധിപ്പിക്കുന്നതിനുമായി ഒരു വ്യാവസായിക പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്ന് ബോധ്യമായത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) | വിവിധ ലോകരാജ്യങ്ങളിലെ വ്യവസായ സൗഹൃദാന്തരീക്ഷത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന സൂചികയാണ് ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്. വ്യത്യസ്ത അളവുകോലുകളാൽ കണക്കാക്കപ്പെടുന്ന ഈ സൂചിക വിവിധ രാജ്യങ്ങളിലെ ഭരണ ക്രമത്തിലെ വ്യവസായ സൗഹൃദ വ്യവസ്ഥയെ കുറിക്കുന്നു. 2015 – 16 ലെ കണക്കുപ്രകാരം ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് നടപ്പിലുള്ള 189 രാജ്യങ്ങളിൽ 130 -ാം സ്ഥാനത്താണ് ഇന്ത്യ. വ്യവസായ സംരംഭകർക്കുള്ള സൗകര്യങ്ങളുടേയും സമയബന്ധിതമായി അനുമതി നൽകുന്നതിന്റേയും അടിസ്ഥാനത്തിൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്റസ്ട്രിയൽ പോളിസി & പ്രൊമോഷൻ (DIPP) സംസ്ഥാനങ്ങളെ പട്ടികപ്പെടുത്തിയിട്ടുണ്ട്. നിക്ഷേപത്തിന് ആക്കം കൂട്ടുന്നതിനായും അതുവഴി ഇന്ത്യയുടെ സ്ഥാനം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് കേന്ദ്ര സർക്കാർ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും ആവശ്യമായ |

| | | | |
|---|---|---|---|
| | | | പഠനം നടത്തുന്നതിനും ഉപദേശിക്കുന്നതിനുമായി 2015 ൽ സർക്കാർ കെ എസ് ഐ ഡി സി യെ ചുമതലപ്പെടുത്തിയിരുന്നു. |
| (ബി) | നിരന്തരം നടക്കുന്ന ഹർത്താലും തൊഴിൽ സമരങ്ങളും വ്യാവസായിക വളർച്ചയ്ക്ക് വിഘാതമാണെന്നും അത് സംസ്ഥാന താത്പര്യങ്ങൾക്ക് എതിരാണെന്നും കണ്ടെത്തിയിട്ടുണ്ടോ; | (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | നിസ്സാര കാര്യങ്ങൾക്ക് പോലും തൊഴിൽ സമരം ഉണ്ടാക്കുകയും ഉള്ള വ്യവസായങ്ങൾ കൂടി അടച്ച് പൂട്ടുന്നതിന് ഇടയാക്കുകയും ചെയ്യു സാഹചര്യം സംസ്ഥാന താത്പര്യങ്ങൾക്ക് എതിരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | | |
| (ഡി) | വ്യവസായ നിക്ഷേപങ്ങൾ ആകർഷിക്കുവാനായി വ്യവസായ പാർക്കുകളിലും കെ എസ് ഐ ഡി സി , കിൻഫ്രാ പാർക്കുകളിലും എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ശാക്തീകരിക്കുന്നതിന്റെയും ഭാഗമായി വിവിധ ജില്ലകളിലെ വ്യവസായ ഏരിയ / പ്ലോട്ട് എന്നവിടങ്ങളിലെ ആഭ്യന്തര റോഡിന്റെ റിപ്പയറിംഗ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾക്ക് ഭരണാനുമതിയും ആവശ്യമായ ഫണ്ടും അനുവദിച്ചിട്ടുണ്ട്. എറണാകുളത്തെ എടയാറിൽ ബഹുനില സമുച്ചയം നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. വ്യവസായ പ്ലോട്ടിനായി പുതുതായി ഏറ്റെടുത്ത കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറയിലെ 20.43 ഏക്കർ ഭൂമിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി രണ്ടാം ഘട്ടപ്രവർത്തനങ്ങൾ നടന്നു വരുന്നു. തൃശ്ശൂർ ജില്ലയിലെ വരവൂരിൽ 8.55 ഏക്കർ സ്ഥലത്തെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. സ്വകാര്യമേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് പുതിയ പദ്ധതി |

| | | | |
|---|---|---|---|
| | | | ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു പുതിയ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള 38 ഡെവലപ്പ്മെന്റ് ഏരിയ / ഡെവലപ്പ്മെന്റ് പ്ലോട്ടുകളിൽ സർവ്വെ നടത്തി വികസനം കൈവരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജം ഉൾപ്പെടെ ഊർജ്ജ ഉറവിടങ്ങൾ ഉൾപ്പെടെ, ജലവിതരണ സൗകര്യങ്ങൾ, ഖര / ദ്രവ മാലിന്യ നിർമ്മാർജ്ജന സംവിധാനം എന്നിവ ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതിക്കായി ഈ സാമ്പത്തിക വർഷം 2800 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചുകൊണ്ടിരിക്കുന്നു. ഇവ കൂടാതെ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനവും എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്.<br>കൂടാതെ സ്ഥല ദൗർലഭ്യം കണക്കിലെടുത്ത് വ്യവസായ പാർക്കുകളിൽ തന്നെ ബഹുനില കെട്ടിട സമുച്ചയങ്ങൾ കിൻഫ്ര സ്ഥാപിച്ചിട്ടുണ്ട്.<br>സംസ്ഥാനത്ത് കൂടുതൽ വ്യവസായിക നിക്ഷേപം കൊണ്ടുവരുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കെ |

| | | | |
|---|---|---|---|
| | | | എസ് ഐ ഡി സി യുടെ നേതൃത്വത്തിൽ വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിയിട്ടുണ്ട്. കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിന് ആവശ്യമായ റോഡ്, വൈദ്യുതി, വെള്ളം, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം, കോമൺ ഫെസിലിറ്റി സെന്ററുകൾ എന്നിവ ഒരുക്കിയിട്ടുണ്ട്.<br>മാത്രമല്ല സൗകര്യ വികസനത്തിന്റെ ഭാഗമായി റോഡുകളും വെള്ളം ഒഴുകി പോകുന്നതിനുവേണ്ടി ഡ്രെയിൻ എന്നിവയും നിർമ്മിച്ച ശേഷമാണ് സ്ഥലം അനുവദിക്കുന്നത്. ഇതുകൂടാതെ വൈദ്യുതി യുടെ ലഭ്യതയ്ക്ക് സബ്സ്റ്റേഷനും ജല ലഭ്യതയ്ക്ക് പൈപ്പ് ലൈനുകളും നിർമ്മിച്ചു നൽകാറുണ്ട്. ആവശ്യമാണെന്ന് കാണുന്ന പക്ഷം മലിനജലം ശുദ്ധീകരിക്കുന്ന ഇ. റ്റി. പി യും തയ്യാറാക്കുന്നതാണ്. ഈ സൗകര്യങ്ങൾ സ്ഥലം ഏറ്റെടുക്കുന്ന വ്യവസായികൾക്ക് ഉതകുന്ന വിധത്തിലുള്ളതാണ്. ഇതുകൂടാതെ ബഹുനില കെട്ടിടങ്ങൾ നിർമ്മിച്ച് വ്യവസായികൾക്ക് വാടകയ്ക്ക് നൽകാറുണ്ട്. |

Bindu.T

**സെക്ഷൻ ഓഫീസർ**